

WEDNESDAY 31/07/2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor: Nizam S A    Editor Dr. Binu Harriat Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 31/07/2024

1. ചിങ്ങം ഒന്ന് കർഷക ദിനത്തോടനുബന്ധിച്ച് കർഷകരെ ആദരിക്കുന്നതിനു വേïl തിരുവല്ലം കൃഷിഭവന്റെ നേതൃത്വത്തിൽ അപേക്ഷകളും നിർദേശങ്ങളും ക്ഷണിച്ചു. മികച്ച കർഷകൻ, മികച്ച വനിത കർഷക, മികച്ച കർഷകൻ (എസ്സി വിഭാഗം), മികച്ച വിദ്യാർഥി കർഷക-കർഷകൻ, മികച്ച ക്ഷീര കർഷകൻ, മുതിർന്ന കർഷകൻ, മികച്ച മട്ടുപ്പാവ് കൃഷി ചെയ്യുന്ന കർഷക-കർഷകൻ എന്നിവയാണ് ആദരിക്കപ്പെടുന്ന വിഭാഗങ്ങൾ. അപേക്ഷിക്കേï അവസാന തീയതി ഓഗസ്റ്റ് അഞ്ചിനു വൈകുന്നേരം അഞ്ചുമണിവരെയാണെന്ന് കൃഷി ആഫീസർ അറിയിച്ചു.

2. കൃഷിവകുപ്പും സംസ്ഥാന കൃഷി വില നിർണ്ണയ ബോർഡും സംയുക്തമായി കൊപ്രയുടെ 2025 സീസണിലെ വില നയം സംബന്ധിച്ച് ഒരു കൺസൾട്ടേഷൻ മീറ്റിംഗ് ആഗസ്റ്റ് 6 ന് രാവിലെ 10. 30 മണിക്ക് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വച്ച് സംഘടിപ്പിക്കുന്നു. കൃഷി മന്ത്രാലയത്തിലെ ചെയർമാനും മെമ്പർ സെക്രട്ടറിയും ഉൾപ്പെടെയുള്ള മുതിർന്ന ഉദ്യോഗസ്ഥർ, കാർഷിക ചെലവുകൾക്കും വിലകൾക്കും കമ്മീഷൻ, ദക്ഷിണ സംസ്ഥാനങ്ങളിൽ നിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥർ, CDB, CPCRI, FPO / കർഷകർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നു. ബഹു. മന്ത്രി, അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, സ്പെഷ്യൽ സെക്രട്ടറി, കൃഷി ഡയറക്ടർ എന്നിവർ പരിപാടിയിൽ സംബന്ധിക്കുന്നതാണ്.

3. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് അഞ്ചാംഘട്ടത്തിന്റെയും ചർമ്മമുഴരോഗപ്രതിരോധ കുത്തിവയ്പ്പ് രണ്ടാം ഘട്ടത്തിന്റെയും സംയുക്ത വാക്സിനേഷനുകളുടെ ക്യാമ്പെയ്ൻ 01/08/2024 മുതൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

11/09/2024 വരെയുള്ള 30 പ്രവൃത്തി ദിവസങ്ങളിലായി സംസ്ഥാനമൊട്ടാകെ നടത്തുന്നു. വാക്സിനേഷനുകളുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ (01/08/2024) വൈകിട്ട് 4 മണിയ്ക്ക് കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ വച്ച് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി ഉദ്ഘാടനം നിർവഹിക്കുന്നു.

4. കൃഷിവകുപ്പിന്റെ എയിംസ് പോർട്ടലിൽ ലോഗിൻ ചെയ്യുന്നതിന് ഇനിമുതൽ യൂസർ ഐഡി, പാസ്സ്‌വേർഡ് എന്നിവയ്ക്ക് പുറമേ കർഷകരുടെ മൊബൈൽ നമ്പറിൽ ലഭിക്കുന്ന ഒ ടി പി കൂടി നൽകേണ്ടതാണ്. പോർട്ടലിൽ ലഭ്യമായ കർഷകരുടെ വിവരങ്ങൾ സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായാണ് ടു ഫാക്ടർ ഓതെന്റിക്കേഷൻ നടപടികൾചെയ്തിട്ടുള്ളത്. കർഷകരുടെ പേര്, വിലാസം, കൃഷി, കൃഷിഭൂമിയുടെ വിവരങ്ങൾ, ആധാർ നമ്പർ, മൊബൈൽ നമ്പർ എന്നിവയ്ക്ക് പുറമേ ആനുകൂല്യം ലഭിക്കേണ്ട ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ അപേക്ഷയുടെ ഭാഗമായി കർഷകർ പോർട്ടലിലേക്ക് നൽകുന്നുണ്ട്. വിവരങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിന്റെ ഭാഗമായാണ് ലോഗിൻ രീതിയിൽ മാറ്റങ്ങൾ വരുത്തിയിട്ടുള്ളത്. എയിംസ് പോർട്ടലിൽ യൂസർ ഐഡി, പാസ്സ്‌വേർഡ് എന്നിവ നൽകി ലോഗിൻ ചെയ്യുമ്പോൾ കർഷകർ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിലേക്ക് ഒ ടി പി ലഭിക്കും. ഒ ടി പി ലഭിക്കാത്ത കർഷകർക്ക് ഒരു മിനിറ്റിനു ശേഷം വീണ്ടും പോർട്ടലിൽ നിന്നും ഒ ടി പി ജനറേറ്റ് ചെയ്യാവുന്നതാണ്. നെറ്റ്‌വർക്ക് ബുദ്ധിമുട്ടുകൾ കാരണം എസ് എം എസ് ലഭിക്കാത്ത സ്ഥലങ്ങളിൽ ഒ ടി പി ലഭിക്കുന്നതിന് സന്ദേശ് (SANDES) മൊബൈൽ ആപ്ലിക്കേഷൻ കർഷകർക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. സന്ദേശ് മൊബൈൽ ആപ്ലിക്കേഷൻ ആപ്പ് സ്റ്റോറിലും പ്ലേ സ്റ്റോറിലും ലഭ്യമാണ്. കേരള പോലീസിൻ്റെ സൈബർ ഓപ്പറേഷൻ വിംഗിന്റെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

നിർദ്ദേശപ്രകാരമാണ് ഈ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതെന്ന് കൃഷി ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0471 2303990, 2309122, 2968122 എന്നീ നമ്പറുകളിൽ വിളിക്കുക.

5. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധിയുടെ ഭാഗമായി കേരള മൃഗസംരക്ഷണ വകുപ്പ് സംസ്ഥാന വ്യാപകമായി ഉരുക്കൾക്ക് 2024 ഓഗസ്റ്റ് 1-ാം തീയതി മുതൽ 30 പ്രവൃത്തി ദിവസങ്ങളിലായി കുളമ്പുരോഗപ്രതിരോധ കുത്തിവയ്പ് അഞ്ചാംഘട്ടവും ചർമമുഴരോഗപ്രതിരോധ കുത്തിവയ്പ്പ് രണ്ടാം ഘട്ടവും നടത്തുന്നു. പ്രസ്തുത വാക്സിനേഷനുകൾക്ക് വാക്സിനേറ്റർമാർ, സഹായികൾ എന്നിവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വാക്സിനേറ്റർ -ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള പ്രദേശത്തെ പരിചയസമ്പന്നരും സർവ്വീസിൽ നിന്നും വിരമിച്ചവരുമായ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ, ഫീൽഡ് ഓഫീസർമാർ, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർമാർ, സർക്കാർ സർവ്വീസിൽ ഇല്ലാത്തതും, കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ ഉള്ളവരുമായ വെറ്ററിനറി ഡോക്ടർമാർ എന്നിവരുടെ പക്കൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. 30 ദിവസത്തെ ക്യാമ്പെയ്നിൽ പങ്കെടുത്ത് ടാർജറ്റ് തികച്ച് വാക്സിനേഷൻ നടത്തുന്നതിന് പരമാവധി 15000/- രൂപ (പതിനയ്യായിരം രൂപ മാത്രം) ഹോണറേറിയമായി നൽകുന്നതും, കൂടാതെ കേന്ദ്ര സർക്കാർ നിശ്ചയിച്ച നിരക്കിൽ വാക്സിനേഷൻ ചാർജ്ജും നൽകുന്നതാണ്.

സഹായികൾ - ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള പ്രദേശത്തെ പൂർണകായിക ആരോഗ്യമുള്ള, മൃഗസംരക്ഷണ വകുപ്പിൽ നിന്നും വിരമിച്ച അറ്റൻഡർമാർ/പാർട്ട് ടൈം സ്വീപ്പർമാർ, 18 വയസ്സിന് മുകളിൽ പ്രായമുള്ള വി.എച്ച്.എസ്.സി പാസ്സായവർ, കേരള വെറ്ററിനറി ആൻ്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ സർട്ടിഫിക്കറ്റ് കോഴ്സുകൾ പൂർത്തിയാക്കിയവർ, സാമൂഹിക സന്നദ്ധസേന വോളന്റിയർമാർ,

18 വയസ്സിന് മുകളിൽ പ്രായമുള്ള സ്ഥലപരിചയമുള്ളതും, കായികക്ഷമതയുള്ളതും, ജനസമ്മതിയുള്ളവരുമായ യുവതീ- യുവാക്കൾ എന്നിവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പശുക്കളെ കൈകാര്യം ചെയ്ത് മുൻപരിചയമുള്ളവർക്ക് മുൻഗണന നൽകുന്നതായിരിക്കും. 30 ദിവസത്തെ ക്യാമ്പെയിൻ കാലയളവിലേക്ക് പരമാവധി 10,000/- രൂപ (പതിനായിരം രൂപ മാത്രം) ഹോണറേറിയം നൽകുന്നതാണ്. അപേക്ഷകൾ വെള്ളകടലാസ്സിൽ തയ്യാറാക്കിയ ബയോഡാറ്റ സഹിതം തങ്ങൾ താമസിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള മൃഗാശുപത്രിയിൽ മാത്രം സ്ഥാപനമേധാവി (ചീഫ് വെറ്ററിനറി ഓഫീസർ/സീനിയർ വെറ്ററിനറി സർജൻ/ വെറ്ററിനറി സർജൻ) മുൻപാകെ ആശുപത്രി പ്രവർത്തന സമയത്ത് 2024 ആഗസ്റ്റ് 1-ാം തീയതി രാവിലെ 10 മണിക്ക് മുൻപായി അപേക്ഷ നേരിട്ട് തന്നെ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ആധാർ കാർഡിന്റെ കോപ്പി സമർപ്പിക്കേണ്ടതും മേൽവിലാസവും, മൊബൈൽ നമ്പരും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്. അപേക്ഷ പരിഗണിക്കുന്നത് ഒഴിവുകളുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കുമെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചു.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **'പൗൾട്രി മാനേജ്മെന്റ് (കോഴി, കാട, താറാവ് വളർത്തൽ)'**എന്ന വിഷയത്തിൽ 2024 ആഗസ്റ്റ് 1 ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ 10 മണി മുതൽ 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം